# കർഫ്യൂ

എം. വി. മാത്യു

ഒരു ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് (ബാംഗ്ലൂർ) പ്രസിദ്ധീകരണം.

ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി പ്രസിദ്ധീകരിക്കുന്നു.

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്-എടൂർ, പായം 670704
ഫോൺ: 0490-491475 വിതരണം ചെയ്യുന്നു.

വില: 3 രൂപ

**കർഫ്യൂ**
**[CURFEW]**
കുട്ടികളുടെ നിയമ അറിവിലേക്കായി
പ്രസിദ്ധീകരിക്കുന്നു.

ഗ്രന്ഥ കർത്താവ്
**എം. വി. മാത്യു**
പ്രസിഡൻറ്, നോസർ-ഇന്ത്യ
എടൂർ-പായം P. O. 670 704

വില—മൂന്നു രൂപ

ആദ്യ മുദ്രണം
10,000 പുസ്തകം

രണ്ടാം മുദ്രണം
10,000 പുസ്തകം

പ്രസിദ്ധീകരിക്കുന്നത്

**ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട്**
24, ബെൻസൺ റോഡ്, ബെൻസൺ ടൗൺ,
ബാംഗ്ലൂർ-560046

പ്രിൻറിംഗ്
**സമ്മാനം പ്രിൻേറഴ്സ് ആൻറ് പബ്ലിഷേഴ്സ്,**
എടൂർ പായം-670 704.

വിതരണം
**കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്,**
എടൂർ പായം—670 704

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,

കുട്ടികൾക്ക് നിയമത്തെക്കുറിച്ചുള്ള അറിവു ലഭിക്കുവാൻ കഥാരൂപത്തിൽ ഞാൻ തയ്യാറാക്കുന്ന രണ്ടാമത്തെ പുസ്തകമാണിത്.

കുട്ടികളുടെ സംഘങ്ങളിൽ ക്ലാസ്സുകൾ നടത്തിയപ്പോൾ നമ്മുടെ രാജ്യത്തിലെ നിയമങ്ങളെക്കുറിച്ച് അവർക്ക് അറിയുവാൻ തീരെ താല്പര്യമില്ലായ്മ കണ്ടു. നിയമത്തെക്കുറിച്ച് പഠിക്കുവാൻ തുടങ്ങിയാൽ കുട്ടികളും മുതിർന്നവരും ഉറങ്ങും.

ഈ അവസരം കൊച്ചു കൊച്ചു സംഭവങ്ങളിലൂടെ കുഞ്ഞുമനസ്സിലേക്ക് നിയമത്തെക്കുറിച്ചുള്ള അറിവ് എത്തിച്ച് അത് അവരുടെ മനസ്സിൽ ഉറപ്പിക്കുവാനാണ് ഞാൻ ശ്രമിച്ചിരിക്കുന്നത്.

കഥാരൂപത്തിൽ ഉപഭോക്തൃ സംരക്ഷണ നിയമം പ്രസിദ്ധീകരിച്ചപ്പോൾ കുട്ടികൾ നല്കിയ സഹകരണമാണ് ഈ പുസ്തകവും തയ്യാറാക്കുവാൻ എനിക്ക് പ്രചോദനമായത്.

ഇന്ത്യൻ ഭരണഘടന നമുക്ക് നൽകുന്ന അവകാശങ്ങൾ, കടമകൾ മനസ്സിലാക്കുവാൻ ഈ പുസ്തകം പ്രയോജനപ്പെട്ടാൽ ഞാൻ കൃതാർത്ഥനായി.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ വേണ്ട ധാർമ്മിക ശക്തിയും, സഹകരണവും നല്കിയ ബാംഗ്ലൂരിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് അധികൃതരോട് പ്രത്യേകം നന്ദിപറഞ്ഞുകൊണ്ട് ''കർഫ്യൂ'' ഭാരതത്തിലെ കുട്ടികൾക്കായി സമർപ്പിക്കുന്നു.

എടൂർ,
10-8-97

എം. വി. മാത്യു

ഓരോ വീട്ടിലും അത്യാവശ്യം
ഉണ്ടായിരിക്കേണ്ട പുസ്തകം

## ഇന്ത്യൻ ഭരണഘടന-സാധാരണ ജനങ്ങൾക്ക്

പി. ഡി. മാത്യു

നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഓരോരുത്തർക്കും വായിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്ന വിധം ചോദ്യോത്തര രൂപത്തിൽ മലയാളത്തിൽ ആദ്യമായി തയ്യാറാക്കിയത്. ആദ്യ എഡിഷൻ പൂർണ്ണമായും വിററു തീർന്നു. രണ്ടാം എഡിഷൻ വില നൂറു രൂപ മാത്രം

---

## "മനുഷ്യാവകാശം"

പി. ഡി. മാത്യു

മനുഷ്യാവകാശം സംരക്ഷിക്കുവാൻ നമുക്ക് നല്കിയ നിയമം-ചോദ്യോത്തര രൂപത്തിൽ-

വില അഞ്ചുരൂപ

---

## അറസ്ററ്-നിങ്ങളുടെ അവകാശങ്ങൾ

പി. ഡി. മാത്യു

പ്രസിദ്ധീകരിച്ച് അഞ്ചുദിവസംകൊണ്ട് മുഴുവൻ പുസ്തകവും വിററഴിഞ്ഞു.

ഓരോ പൗരനും അത്യാവശ്യം അറിയേണ്ടത്.

വില അഞ്ചു രൂപ

---

പുസ്തകങ്ങൾക്ക് M. O മാത്രം അയക്കുക

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്,
P.B. NO: 1
എടൂർ, പായം-670704

# ★ നാടകം നടന്നില്ല ★

രാജനും ജോസും സുഹൃത്തുക്കളാണ്. ഗ്രാമത്തിലെ വായനശാലയുടെ സിക്രട്ടറിയാണ് രാജൻ. ചെറുപ്പക്കാരായ ഗ്രാമീണയുവാക്കൾ വൈകുന്നേരങ്ങളിൽ അല്പം സൊറപറയാനും, നേരം പോകാനും, വിശേഷങ്ങൾ പറയുവാനും, അറിയുവാനും വായനശാലയിലെത്തുന്നു.

വായനശാലയുടെ എക്സിക്യൂട്ടീവ് കമ്മററി കൂടുകയാണ്. പ്രധാനവിഷയം വായനശാലയ്ക്കു വേണ്ടി ഒരു പുതിയ കെട്ടിടം പണിയണം. ആയതിന് പണപ്പിരിവ് നടത്തുന്നതിലും നല്ലത് ഒരു നാടകം കളിക്കുന്നതാണ്, ഗ്രാമപ്രദേശമായതിനാൽ തങ്ങളുടെ ഗ്രാമത്തിലുള്ളവർക്കെല്ലാം വലിയ സാമ്പത്തിക ചിലവ് ഇല്ലാതെ നാടകം കാണാം.

എക്സിക്യൂട്ടീവ് കമ്മിററിയിൽ സിക്രട്ടറി രാജന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. യോഗം ഒരു നാടകം നടത്തുന്നതിന് തീരുമാനിച്ചു. യോഗത്തിന്റെ തീരുമാനപ്രകാരം നാടകം തിരഞ്ഞെടുക്കുന്നതിന് രാജൻ, ജോസ്, മൊയ്തു എന്നിവരെ കമ്മററിയംഗങ്ങളായി തിരഞ്ഞെടുത്തു.

രാജനും ജോസും മൊയ്തുവും ഏററവും നല്ല നാടകത്തിനുവേണ്ടി അന്വേഷണമാരംഭിച്ചു. അടുത്ത കാലത്ത് വളരെയധികം സംസാരവിഷയമായ ഒരു നാടകം അവർ നടത്തുവാൻ തീരുമാനിച്ചു. ആയതിന് വേണ്ടി നാടകം നടക്കുന്ന സ്ഥലത്ത് പോകുവാൻ അവർ തീരുമാനിച്ചു.

നാടക ഗ്രൂപ്പിന് കത്തയച്ചു നാടകം നടത്തുന്നതിന് വിരോധമില്ലെന്നും നേരിൽ സംസാരിക്കുവാൻ നാടകം നടക്കുന്ന സ്ഥലത്തെത്തുവാനും, നാടകംകണ്ടശേഷം

കൂടുതൽ വിവരങ്ങൾ അറിയിക്കാമെന്നും നാടകഗ്രൂപ്പ് അറിയിച്ചതനുസരിച്ച് കമ്മററി അംഗങ്ങളായ മൊയ്തുവും, രാജനും, ജോസും നാടകം കാണുവാൻ പുറപ്പെട്ടു.

ഈ സമയത്തെ ഏററവും സംസാരവിഷയമായ നാടകം ഞങ്ങളുടെ നാട്ടിൽ തന്റെ വായനശാലയുടെ നേതൃത്വത്തിൽ നടത്തുമ്പോഴുണ്ടാകുന്ന സന്തോഷമായിരുന്നു രാജന്.

നാടകം നടക്കുന്ന പട്ടണത്തിലെത്തിയ രാജനും കൂട്ടർക്കും നാടകം നടക്കുന്ന സ്ഥലം കണ്ടുപിടിക്കുവാൻ പ്രയാസം ഉണ്ടായില്ല. നാടകസ്റ്റേജും, ഗാലറിയും കെട്ടിയിരുന്നു. എന്നാൽ നാടകം നടക്കേണ്ട സമയമായിട്ടും കാഴ്ചക്കാർ എത്താത്തതിൽ രാജനതിശയം 'എന്താടാ നാടകം മാററിവെച്ചോ'

നാടകസ്റ്റേജിനു ചുററും പോലീസിനെ കണ്ടപ്പോൾ മൊയ്തുവിനു സംശയം 'എന്താടാ പോലീസൊക്കെ'?

'നാടകം' വിവാദമുള്ളതാണെങ്കിലും എന്തോ ഇവിടെ പ്രശ്നമുണ്ടെന്ന്തോന്നുന്നു.

ഗെയിററിലെത്തിയ രാജൻ ആ ബോർഡ് കണ്ട് ഞെട്ടി 'ഇന്ന് പ്രദർശനം ഇല്ല.' നാടക ഗ്രൂപ്പിന്റെ മാനേജരേയും കണ്ടെത്താനായില്ല. രാജന് നിരാശയായി. ഇവർ മൂന്നാൾ വന്ന് സംസാരിക്കുന്നതും, പരുങ്ങുന്നതും കണ്ട ഒരു പോലീസുകാരൻ അവരുടെ അടുത്തെത്തി. 'എന്താ കാര്യം'. അദ്ദേഹം തിരക്കി.

'ഇന്ന് ഇവിടെ നാടകമില്ലേ' ഞങ്ങൾ ഈ നാടകം കാണാൻ വന്നതാ; അകലെ ഗ്രാമത്തിൽനിന്ന്. ഇവിടെ എത്തിയപ്പോഴാണ് പ്രദർശനം ഇല്ലെന്നറിയുന്നത്. എന്താ കാരണം'

പോലീസുകാരൻ പറഞ്ഞു. 'നാടകം' നിർത്തിവെയ്ക്കുവാൻ കോടതി ഉത്തരവാണ്. നിങ്ങൾ ഇന്ന് പത്രമൊന്നും വായിച്ചില്ലേ'?



എന്തിനാണ് നാടകം നിർത്തിവെയ്ക്കുവാൻ കോടതി ഉത്തരവിട്ടത്. ജോസിന് സംശയം അപ്പോൾ ഒരാൾ ഓടി വിയർത്തെത്തി. പോലീസുകാരനോടു സംസാരിക്കുന്നു. അയാളുടെ വരവും സംസാരവും കണ്ട രാജന് അയാൾ സംഘാടകരിലൊരാളാണെന്ന് മനസിലായി.

അവർ സംസാരിച്ചുതീർന്നപ്പോൾ പോലീസുകാരൻ അവരോട് പറഞ്ഞു. 'ഇതാ കാർത്തികേയൻ എല്ലാം പറയും' കാർത്തികേയൻ അവരെയും കൂട്ടി ഓഫീസിലേക്ക് പോയി. വഴിയേ വിവരങ്ങൾ ചോദിച്ച കാർത്തികേയൻ പറഞ്ഞു.

സുഹൃത്തുക്കളെ എല്ലാം പോയി. വായനശാലയ്ക്കുവേണ്ടി നാടകം ബുക്കു ചെയ്യുന്നതിനും, സ്റ്റേജ് കെട്ടിയതിനും എല്ലാം കൂടി മുപ്പതിനായിരം രൂപ ചിലവായി. ഇന്ന് രാവിലെയാണ് നാടകം നടത്തുവാൻ പാടില്ലെന്ന ഓർഡർ കിട്ടിയത്.

എന്താണ് നാടകം നടത്താൻ പാടില്ലാത്തത്, വിവാദപരമായ ഈ നാടകത്തെക്കുറിച്ച് ഞങ്ങൾ വളരെ കേട്ടിരുന്നു. നമ്മുക്ക് ആശയങ്ങൾ അവതരിപ്പിക്കുന്നതിനും, പറയുന്നതിനും മൗലീക അവകാശമില്ലേ? ഇന്ത്യൻ ഭരണഘടന മൗലീക അവകാശം ആർട്ടിക്കിൾ 19 അനുസരിച്ച് നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ആയത് ജനങ്ങളെ അറിയിക്കുവാനും അവകാശമില്ലേ?

'സംഗതി ശരിയാണ്. നാടകഗ്രൂപ്പും ഞങ്ങളോട് ഇതൊക്കെയാണ് പറഞ്ഞത്. പക്ഷേ മൗലികാവകാശപ്രകാരം അഭിപ്രായങ്ങൾ പറയുവാനുള്ള സ്വാതന്ത്ര്യം പോലെ മററുള്ളവരുടെ അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കുവാനും നമ്മൾ ശ്രമിക്കേണ്ടേ.

'നാടകത്തിൽ ഒരു മതവിഭാഗത്തിന്റെ ചിന്തകൾക്ക് എതിര് നില്ക്കുന്നതിനാൽ സമുദായ സംഘർഷം

ഉണ്ടാകുമെന്നതിനാലാണ് നാടകംസ്റ്റേചെയ്തത്, പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുമുണ്ടായിരുന്നു.'

'എന്തായാലും ഞങ്ങൾ രക്ഷപ്പെട്ടു. ശരി സുഹൃത്തെ ഞങ്ങൾ ഇറങ്ങുന്നു'.

'നമുക്ക് സ്വാതന്ത്ര്യമുള്ളതു പോലെ മററുള്ളവർക്കും സ്വാതന്ത്ര്യവും അവകാശമുണ്ടെന്ന വിവരം നമ്മൾ മറക്കുന്നു.' ജോസ് പറഞ്ഞു. എന്തായാലും നമുക്ക് മറെറാരു നാടകം ബുക്ക് ചെയ്യാം.

## ★ സ്വത്ത് ★

വിനുവും, മനീഷും കൂട്ടുകാരാണ്. രണ്ടു പേരും. ഒരേ കോളജിൽ പഠിക്കുന്നു. രാവിലെ ഏഴുമണിക്ക് യാത്രയായാലെ ഒൻപതരയ്ക്ക് ക്ലാസ്സിലെത്താനാവൂ. ഗ്രാമപ്രദേശത്തുനിന്ന് മൂന്നു കിലോമീററർ നടന്നു വേണം റോഡിലെത്താൻ. രണ്ടുപേരും പഠിക്കുവാൻ മിടുക്കൻമാരാണ്.

വൈകുന്നേരം കോളജ് വിട്ട് മടങ്ങിയ മനീഷും വിനുവും ഗ്രാമത്തിലേക്ക് കടക്കുന്ന കവലയിൽ പൊതുയോഗവും, പ്രസംഗങ്ങളും നടക്കുന്നതായി കണ്ടു. എന്താണ് കാര്യമെന്ന് തിരക്കിയില്ല.

വീട്ടിലെത്തിയ അവൻ എല്ലാവരുടെയും മുഖത്ത് മൗനമാണ് കണ്ടത്, ചാച്ചനെ കണ്ടുമില്ല. 'എന്താ അമ്മച്ചീ' എന്തു പററി? 'എടാ മോനെ എല്ലാം പോയെടാ,' അമ്മച്ചി ഉച്ചത്തിൽ കരഞ്ഞു, എന്താണ് സംഗതിയെന്നറിയാതെ മനീഷ് വിഷമിച്ചു.

'എടാ മോനെ നമ്മുടെ സ്ഥലം സർക്കാർ എടുക്കാൻ പോകുന്നു; അതിനെന്താണമ്മേ നമുക്ക് വില കിട്ടത്തില്ലേ.



'ഇല്ല മോനെ ഇത് ആദിവാസികളുടെ ഭൂമിയാണ്. നമ്മളെ അവറാൻ ചേട്ടൻ പററിച്ചതാണ്.

കുറച്ചുകഴിഞ്ഞപ്പോൾ വിനുവും, പ്രദീപും, ജോയിയും, റാവുത്തരും എത്തി. എല്ലാവർക്കും സങ്കടം. ഒരു പൈസപോലും കിട്ടാതെ തങ്ങളുടെ ഭൂമി നഷ്ടപ്പെടുമത്രേ.

'നമ്മൾ രേഖ വാങ്ങിയ സ്ഥലമല്ലേ പണവും കൊടുത്തതാണ് പിന്നെന്താ ഇപ്പോൾ എടുക്കുന്നത്! ഇത് ഒരു തട്ടിപ്പറിയാണ്. റാവുത്തർ ഉച്ചത്തിൽ പറഞ്ഞു

നമുക്ക് നാളെ എല്ലാവരെയും വിളിച്ചുകൂട്ടാം. കാര്യമായി ആലോചിച്ച് വേണ്ടത് ചെയ്യാം.

അപ്പോഴേക്കും അയൽക്കാരായ തോമായും, മാണി ചേട്ടനും എത്തി. രാവിലെ കത്തു കിട്ടിയപ്പോഴെ വിവരം അറിയാൻ പോയ പാപ്പൻ ചേട്ടനെ അന്വേഷിച്ചെത്തിയതാണെല്ലാവരും.

പാപ്പൻ ചേട്ടൻ എത്തിയില്ലെന്നറിഞ്ഞപ്പോൾ എല്ലാവർക്കും വിഷമം. 'കഴിഞ്ഞ നോട്ടീസ് വന്നപ്പോഴെ പറഞ്ഞതാ. അപ്പോഴെല്ലാവരും പറഞ്ഞുസാരമില്ലന്ന് ഇപ്പോഴെന്തായി' മാണിച്ചേട്ടന് നിരാശ.

വഴിയിൽ വെളിച്ചം കണ്ടപ്പോഴെ എല്ലാവരും പറഞ്ഞു 'പാപ്പൻചേട്ടനായിരിക്കും. പാപ്പൻചേട്ടനും, സുഹൃത്തുക്കളും വീട്ടുമുററത്തെത്തി. മുററത്തു നിൽക്കുന്ന എല്ലാവർക്കും ആകാംക്ഷ എന്താണ് വിവരം.

ഉള്ളതെല്ലാം വിററു വാങ്ങിയ സ്ഥലമാണ് അദ്ധ്വാനം ആരംഭിച്ചതേ ഉള്ളു. അപ്പോഴാണ് പ്രശ്നം. ഇത് ആദിവാസികളുടെ ഭൂമിയാണെന്ന്. ദൈവമേ!

പാപ്പൻ ചേട്ടൻ പറഞ്ഞു എല്ലാവരും ഉള്ള സ്ഥലത്ത് ഇരിക്ക്.'

'ഇരിക്കുന്നൊന്നുമില്ല.' എന്തായി പോയ കാര്യം. നമ്മൾ പണം കൊടുത്ത് വാങ്ങിയ സ്ഥലം വിട്ടു കൊടുക്കേണ്ടി വരുമോ? തോമായ്ക്കതാണ് സംശയം.

പാപ്പൻചേട്ടൻ പറഞ്ഞു, ഞാൻ നേതാക്കന്മാരെയെല്ലാം കണ്ടു. എല്ലാവരും പ്രവർത്തിക്കുന്നു എന്ന് പറയുന്നുണ്ട് പക്ഷെ ആരും ഒന്നും ചെയ്യുന്നില്ല. നമ്മൾകൊടുത്ത സംഭാവനകളും പിരിവുകളും എല്ലാം വ്യഥാവിലായി!

ഞാൻ പല വക്കീലന്മാരെയും കണ്ടു. എല്ലാവരും പറയുന്നു. ശ്രമിച്ചുനോക്കാം ഇവിടെ തോററാൽ ഹൈക്കോർട്ടിൽ പോകാം നിങ്ങൾ കർഷകർ കുറേയില്ലെ? എന്നൊക്കെയാണ്.

നേതാക്കന്മാർ, അടുത്ത് താലൂക്ക് കലക്ട്രേററ് മാർച്ചുകൾ നടത്താം, തലസ്ഥാന നഗരിലേക്ക് ഒരു നിവേദക സംഘത്തെ അയക്കണം അങ്ങനെ എല്ലാവരും ഒഴിവാകുന്നു. നമ്മുടെ ഭൂമി നഷ്ടമായതുതന്നെ ലക്ഷണം, ശശി പറഞ്ഞു.

എല്ലാ മുഖങ്ങളിലും ദുഃഖം. മലമ്പനിയോട് മല്ലിട്ട്, കാട്ടാനയോട് പടവെട്ടി– കാട്ടുപന്നിയുടെയും ശല്യം സഹിച്ച്, കഷ്ടപ്പെട്ട് ദേഹണ്ഡിച്ച ഭൂമിയാണ് നഷ്ടപ്പെടുവാൻ പോകുന്നത്.

പാപ്പൻചേട്ടൻ പറഞ്ഞു. അടുത്ത ഞായറാഴ്ച നമ്മുടെ വായനശാലയിൽ ഒരു സാമൂഹ്യപ്രവർത്തകനായ വക്കീൽ ക്ലാസ്സെടുക്കുവാൻ വരുന്നുണ്ട്. നമുക്ക് ആ ക്ലാസ്സിലൊന്നു പങ്കെടുക്കാം.

'ഓ-ഇനി വക്കിലിന്റെ ക്ലാസ്സ്-ഞാനില്ല പലർക്കും അസൗകര്യം'

സാരമില്ല. ഞാനെന്തായാലും പോകുന്നുണ്ട്. നിങ്ങൾക്ക് താല്പര്യമുള്ളവർക്ക് വരാം. എല്ലാവരും പിരിഞ്ഞു. മനീഷ് ചോദിച്ചു 'ഞാനും പോരട്ടെ പപ്പ?'



മോൻ മാത്രമല്ല കൂട്ടുകാരെയൊക്കെ കൂട്ടിക്കോ' മനീഷ് കൂട്ടുകാരോടൊക്കെ പറഞ്ഞു, എല്ലാവർക്കും മടി. ഒരു ദിവസം കിട്ടുന്നതു കളഞ്ഞിട്ടാ, 'ഇനി പഠിത്തം, ഞങ്ങളില്ല എങ്കിലും ഇരുപതോളം പേരെ മനീഷ് എത്തിച്ചു.

നൂറോളം പേർ മീററിങ്ങിനെത്തിയിരുന്നു. നമ്മുടെ രാജ്യത്ത് നിയമങ്ങൾ ജനങ്ങൾ അറിയാത്തതുകൊണ്ട് വളരെയധികം ചൂഷണം ഉണ്ടാകുന്നുണ്ടെന്നും അതിൽ നിന്നും മോചനം നേടുവാൻ അത്യാ ശ്യം നിയമങ്ങളെങ്കിലും അറിയേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും, അദ്ദേഹം ഓർമ്മിപ്പിച്ചു, നിയമം അറിയില്ല എന്നു പറയുന്നതുകൊണ്ട് ആർക്കും ശിക്ഷയിൽ നിന്ന് മോചനം കിട്ടില്ല ആ യതിനാൽ നിയമത്തെക്കുറിച്ച് അറിയുന്നതിനും. നിയമസംബന്ധമായ അറിവും, നിയമസഹായവും സൗജന്യമായി ആവശ്യമുള്ളവർക്ക് എത്തിക്കുന്നതിനും ഓരോ ഗ്രാമത്തിലും നിയമ പഠന കമ്മിററികൾ രൂപീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പാപ്പൻ ചേട്ടൻ പറഞ്ഞു തങ്ങളുടെ പ്രശ്നം; പതിനഞ്ചും, ഇരുപതും വർഷമായി സ്വത്തു കൈവശം വയ്ക്കുന്നവരാണ് തങ്ങൾ പക്ഷേ ഇപ്പോഴിങ്ങനെയൊരബദ്ധം പററി ജീവിതം തന്നെ നിശ്ചലമായ അബദ്ധം.

സാമൂഹ്യപ്രവർത്തകൻ പറഞ്ഞു. നമ്മുടെ രാജ്യത്ത് സ്വത്ത് വാങ്ങുമ്പോൾ പലകാര്യങ്ങളും ചിന്തിക്കേണ്ടതുണ്ട്. ആദിവാസികളുടെ ഭൂമികൈമാററം ചെയ്യാൻ പാടില്ല എന്ന നിയമം നിലവിൽ വന്നിട്ടുണ്ട്. അങ്ങനെ കൈമാററം ചെയ്യണമെങ്കിൽ പ്രത്യേകാനുമതി വാങ്ങണം. ഭൂമി വാങ്ങുമ്പോൾ കുടിക്കടം വാങ്ങി നോക്കണം പട്ടയം ഉണ്ടോ എന്നും, ഏതെങ്കിലും പദ്ധതികൾക്കു വേണ്ടി ഗവൺമെൻറ് പ്രസിദ്ധം ചെയ്ത സ്ഥലമാണോ എന്നും അറിയണം. നമ്മുടെ രാജ്യത്തെ വ്യക്തി നിയമങ്ങൾ വ്യത്യസ്തമാണ്. ആയതിനാൽ വ്യക്തി നിയമപ്രകാരം സ്വത്ത് വില്ക്കുവാൻ അവകാശമു

ണ്ടോ എന്നും അറിയണം.

എല്ലാററിലും ഉപരിസ്വത്ത് വാങ്ങുന്ന രൂപയ്ക്ക് തന്നെ അത് രജിസ്ററർ ചെയ്യണം. രജിസ്റ്റർ ആഫീസിലുള്ള രേഖകൾ പരിശോധിച്ചാലും ഇതെല്ലാം അറിയാം. സ്ഥലം ലാഭകരമാണെന്ന് കരുതി ചാടി വാങ്ങാതിരിക്കുക. നിയമത്തെക്കുറിച്ച് അറിയുക സാമൂഹ്യ പ്രവർത്തകൻെറ വാക്കുകൾ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ മുഴങ്ങി.

## ★ അറസ്ററ് ★

വേണുവും,തോമസും കൂട്ടുകാരാണ്. കോളജിൽ പഠിക്കുന്നു. വേണുവിന് അല്പസ്വല്പം സംഘടനാ പ്രവർത്തനമൊക്കെയുണ്ട്. വേണുവിൻെറ ജ്യേഷ്ഠൻ വിജയൻ ഒരു രാഷ്ട്രീയ പാർട്ടി പ്രവർത്തകനാണ്. മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായ ജ്യേഷ്ഠൻെറ പ്രവർത്തനങ്ങളിൽ വേണുവിന് വ്യസനമുണ്ട്. ജ്യേഷ്ഠൻെറ പ്രവർത്തനങ്ങളോട് വേണുവിന് യോജിപ്പുമില്ല.

അന്ന് വീട്ടിലെത്തിയ വേണുവിനോട് അമ്മ പറഞ്ഞു; മോനെ ചേട്ടൻ വീട്ടിൽ വന്നിട്ട് മൂന്നു ദിവസമായല്ലോ. നീ ഒന്നന്വേഷിച്ചേ'.

'സാരമില്ലമ്മച്ചി ചേട്ടൻ പാർട്ടി പ്രവർത്തനവുമായി എവിടെ ങ്കിലും പോയതാവും. 'അല്ലെടാ മോനെ നീ ഒന്ന് അവൻെറ കൂട്ടുകാരോടു ചോദിച്ചേ'.

വേണു മനസ്സില്ലാമനസ്സോടെ സന്ധ്യയോടെ വീട്ടിൽ നിന്നിറങ്ങി. പല സ്ഥലങ്ങളിലും അന്വേഷിച്ചെങ്കിലും ചേട്ടനെ കണ്ടെത്താനായില്ല. പാർട്ടി ഓഫീസ് അടഞ്ഞു കിടന്നിരുന്നു. പ്രാദേശിക നേതാവിൻെറ വീട്ടിലെത്തിയ വേണുവിന് അവിടെയും ആരെയും കണ്ടെ



ത്താനായില്ല, നേതാവ് എവിടെ പോയി എന്ന് ആർക്കും അറിഞ്ഞുകൂടാ.

വീട്ടിലെത്തിയ വേണു പറഞ്ഞു; 'അമ്മേ, ചേട്ടൻ ദൂരെ എവിടയോ പോയതാണ്, ഒന്നുരണ്ടു ദിവസത്തിനകം എത്തുമെന്ന് പറഞ്ഞു'.

രാവിലെ വേണു പലരോടും അന്വേഷിച്ചപ്പോഴറിഞ്ഞു. അടുത്ത സ്ഥലത്തുണ്ടായ ഒരു സംഘർഷത്തിൻെറ ഭാഗമായി വിജയനെ പോലീസ് അറസ്റ്റു ചെയ്തു എന്ന്. വിജയനെ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചെങ്കിലും ഉത്തരവാദിത്വപ്പെട്ടവർ ആരും ഇല്ലാതിരുന്നതിനാൽ സ്റ്റേഷനിൽ നിന്നും മറുപടി ലഭിച്ചില്ല. വൈകുന്നേരം സ്റ്റേഷനിലെത്തിയ വേണുവിനോട് വിജയൻ എന്നൊരാളെ പോലീസ് അറസ്റ്റു ചെയ്തിട്ടില്ല എന്നറിയിച്ചു.

സംഘർഷത്തെ തുടർന്ന് വിജയൻെറ സുഹൃത്തുക്കളെല്ലാം ഒളിവിലാണ്. വിജയനെ കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ വേണു പല പല അന്വേഷണങ്ങൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല.

അന്നു രാത്രി വേണുവിൻെറ വീട്ടിൽ വിജയൻെറ രണ്ടു സുഹൃത്തുക്കളെത്തി. അവർ വേണുവിനെ വിളിച്ച് രഹസ്യമായി പറഞ്ഞു. വിജയനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. നാലു ദിവസമായി ഒപ്പം രണ്ടു സുഹൃത്തുക്കളുമുണ്ട്. ഞങ്ങളെയും അറസ്റ്റു ചെയ്യാം ഞങ്ങൾ മുൻകൂർ ജാമ്യത്തിന് ശ്രമിക്കുകയാണ്.

എന്തിനാണ് ചേട്ടനെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്നത്? ഇല്ലെന്നാണല്ലോ ഞാനും, സുഹൃത്തുക്കളും അന്വേഷിച്ചപ്പോൾ പറഞ്ഞത്, നിങ്ങൾക്കെങ്ങനെയാണ് മുൻകൂർ ജാമ്യം ലഭിക്കുക.

പോലീസ് ഏതെങ്കിലും കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റു ചെയ്യുവാൻ സാധ്യതയുണ്ട്. എന്ന് സംശയി

ക്കുമ്പോൾ ആണ് കേസ്സിനാസ്പദമായ സംഭവം നടന്ന കോടതി പരിധിക്കുള്ളിൽ നിന്ന് ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റിന് ജാമ്യം നൽകാം. മജിസ്ട്രേററിന്റെ വിവേചനാധികാരമാണ് ജാമ്യം നൽകണോ? വേണ്ടയോ? എന്നത് മറെറവിടെ നിന്നും ജാമ്യം ലഭിക്കുന്നതുമല്ല, അവർ പറഞ്ഞു.

'അറസ്റ്റു ചെയ്താൽ 24 മണിക്കൂറിനുള്ളിൽ കോടതിയിൽ എത്തിക്കണമെന്നാണ് നിയമം. പക്ഷെ ഇതുവരെ ചേട്ടനെ കോടതിയിലെത്തിച്ചില്ലല്ലോ. വേണു പറഞ്ഞു. അതിനാണ് ഞങ്ങൾ വന്നത്. ചേട്ടനെ പോലീസുകാർ കോടതിയിൽ എത്തിക്കുന്നില്ലെങ്കിൽ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്ത് ചേട്ടനെ കണ്ടെത്താം. ആയതിനാൽ വേണു ഒരുഹർജി ഹൈക്കോടതിയിൽ ഫയൽ ചെയ്യുക. "ഹേബിയസ്സ് കോർപ്പസ്" ഹർജിയാണ് ഇത് നമ്മുടെ മൗലീക അവകാശ പ്രകാരം ലഭിച്ചതാണ്' ആയതിനാൽ നാളെത്തന്നെ ഹർജി ഫയൽ ചെയ്യണം മൗലീക അവകാശം 32-ാം വകുപ്പു പ്രകാരമാണിത്.

വേണു പറഞ്ഞു. 'ഇതൊന്നും എനിക്കറിഞ്ഞു കൂടായിരുന്നു.

സുഹൃത്തുക്കൾ പറഞ്ഞു. ഞങ്ങളെല്ലാം തയ്യാറാക്കിയിട്ടുണ്ട് വേണു കോടതിയിൽ കൊടുക്കേണ്ട ഹർജിയിൽ ഒപ്പിട്ടാൽ മതി.

## ★ തെളിവുപോയി ★

മിനിയും, മേരിയും കൂട്ടുകാരികളാണ് പത്താംക്ലാസ്സിൽ പഠിക്കുന്നു. എല്ലാദിവസവും അവർ ഒരുമിച്ചാണ് സ്കൂളിൽ പോകുന്നത്.

അന്ന് അവർ സ്കൂളിൽ പോകുമ്പോൾ വഴിയരികിൽ വലിയ ബഹളം. എല്ലാവരും കൂടിനില്ക്കുന്നുണ്ട്. എന്തോ സംഭവിച്ച ലക്ഷണം. അതാ കൂട്ടുകാരി രമണി



വരുന്നു. അവൾ അവരുടെ അടുത്ത് ഓടി എത്തി. എടി മിനി ഇന്നലെ 'ചാക്കോച്ചേട്ടന്റെ വീട്ടിൽ കള്ളൻ കയറി' പണമെല്ലാം കൊണ്ടുപോയി. കള്ളൻമാരെ തടയാൻ ചെന്ന ചാക്കോച്ചേട്ടനെ അവർ അടിച്ചു. 'ചാക്കോച്ചേട്ടൻ ആസ്പത്രിയിലാ'

അവർ സംസാരിച്ചിരിക്കുമ്പോൾ തന്നെ പോലീസ് ജീപ്പുവന്നു. ജീപ്പിൽ നിന്നു പോലീസുകാരും ഒപ്പം വലിയൊരു പട്ടിയും ഇറങ്ങി. മിനി പറഞ്ഞു 'നമുക്കുപോകാം. ആ പട്ടിയെ കണ്ടിട്ട് പേടിയാകുന്നു.

'എന്താണ് നടക്കുന്നതെന്ന് നോക്കാമെടി' മേരിക്ക് ആകാംക്ഷ.

'അയ്യോ ചേട്ടൻ നില്ക്കുന്നുണ്ട്'. 'വാ പോകാം എന്താണ് സംഭവിച്ചെന്ന് ചേട്ടനോട് ചോദിച്ചറിയാം' അവർ സ്കൂളിലേക്ക് നടന്നു.

സ്കൂൾവിട്ടുവീട്ടിലെത്തിയ കൂട്ടുകാരികൾക്ക് രാവിലത്തെ സംഭവത്തിന് എന്താണുണ്ടായതെന്നറിയണം. അവർ രമണിയുടെ വീട്ടിലെത്തി. മിനി ചോദിച്ചു. 'നിന്റെ ചേട്ടൻ എന്തിയേടി' കള്ളനെ പിടികിട്ടിയോ?'

അവർ പുറകുവശത്തു നിന്നും വീടിന്റെ മുൻവശത്ത് എത്തിയപ്പോൾ അവിടെ കുറേപ്പേർ കൂടി നിന്ന് സംസാരിക്കുന്നതും, അതിൽ ഒരാൾ ഉറക്കെ സംസാരിക്കുന്നതും കേട്ടു.

'എന്താ ചെയ്യുക-തെളിവെല്ലാം പോയില്ലേ. കള്ളൻ കയറിയ ഉടനെ ബഹളം കേട്ട് എത്തിയ എല്ലാവരും പുരയ്ക്കുള്ളിൽ കയറി എല്ലായിടത്തും നടക്കുകയും, പിടിക്കുകയും ചെയ്തു. ആയതിനാൽ പോലീസ് നായക്ക് മണം പിടിക്കാനായില്ല. വിരലടയാളങ്ങളും, എല്ലാ തെളിവുകളും നഷ്ടപ്പെട്ടു.''

മിനിക്ക് സങ്കടം തോന്നി പാവം ചാക്കോച്ചേട്ടൻ എ

ന്താണ് ചെയ്യുക. കയ്യിലുള്ള പണവും പോയി. കള്ളൻമാരുടെ അടിയും കിട്ടി. ശ്ശോ കഷ്ടം.

അവരുടെയിടയിൽ ചെറുപ്പക്കാരനായ ഒരാളുടെ ശബ്ദം കേട്ടു; ''ചാക്കോച്ചേട്ടൻെറ അനുഭവം നമുക്ക് ഒരു പാഠമായിരിക്കട്ടെ''. കഴിഞ്ഞ മാസം സ്കൂളിലുണ്ടായിരുന്ന നിയമ പഠന ക്ലാസ്സിൽ ഞാൻ പോയിരുന്നു നിങ്ങളെയും ഞാൻ ക്ഷണിച്ചതാണ്. പക്ഷെ ആരും വന്നില്ല.

ഒരു കേസ്സുണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടതെന്നുള്ള വിവരങ്ങളാണ് അവിടെ അറിയിച്ചത്. അവിടെ നടന്ന ക്ലാസ്സിൽ പങ്കെടുത്തിരുന്നെങ്കിൽ ചാക്കോ ചേട്ടൻെറ വീട്ടിൽ കയറിയ കള്ളൻമാരെ പിടിക്കുവാൻ ഒരു പ്രയാസവുമുണ്ടാകുകയില്ലായിരുന്നു. ആയതിനാൽ ഇനിയെങ്കിലും ഇങ്ങനെയുള്ള നിയമ പഠന ക്ലാസ്സുകൾ നടക്കുമ്പോൾ പോകണം. കാരണം നിയമം നമുക്കോരോരുത്തർക്കും ഉള്ളതാ നിയമം അറിയില്ല എന്നു പറഞ്ഞതുകൊണ്ട് ശിക്ഷയിൽ നിന്ന് രക്ഷപെടാനും ആവില്ല. ആയതിനാൽ ഇനിയെങ്കിലും സൂക്ഷിക്കുക. ചെറുപ്പക്കാരൻ നിർത്തി.

'എന്താടാ കുട്ടപ്പാ, ചെയ്യേണ്ടത്. എന്തായാലും ക്ലാസ്സിൽ വരാൻ കഴിഞ്ഞില്ല. ചാക്കോച്ചേട്ടൻെറ പോലുള്ള ഒരു സംഭവം ഉണ്ടാകുമ്പോൾ എന്തുചെയ്യണം. ഒന്നു പറയടാ-കൂട്ടത്തിൽ പ്രായമുള്ള പൊന്നപ്പൻ ആവശ്യപ്പെട്ടു. എടാ കുട്ടപ്പാ അവിടെ പഠിപ്പിച്ചത്. ഞങ്ങളോടുമൊന്നു പറയെടാ, എല്ലാവരും ഒന്നായി പറഞ്ഞു,

ഒരു കളവു കേസോ, അടിക്കേസോ, കൊലപാതകമോ എന്തു സംഭവമുണ്ടായാലും ആ സംഭവം നടത്തിയവരെ കണ്ടുപിടിക്കാനാവുമോ? എന്ന് നോക്കുക. ആയതിന് ശബ്ദമുണ്ടാക്കി ആളെക്കൂട്ടുക.

ആളെത്തുമ്പോൾ അയാൾക്ക് പരിക്ക് പററിയിട്ടുണ്ടെങ്കിൽ ആ ആളെ ഉടൻ അടുത്തുള്ള ഗവൺമെൻറ് ആ



സ്പത്രിയിൽ എത്തിക്കുക.

സംഭവം അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കുക. സമയം, എത്രപേർ ഉണ്ടായിരുന്നു. ആളുകളുടെ ഏകദേശ രൂപം എല്ലാം അറിയിക്കണം. ആയതിനു ശേഷം ആ വിവരം അറിയിച്ചതിൻെറ കോപ്പിയും ആവശ്യപ്പെടാം. പോലീസ്സ്റ്റേഷനിൽ നിന്നും ഈ അറിയിച്ച വിവരത്തിൻെറ കോപ്പിയും കിട്ടും.

'ഉവ്വുവ്വ കോപ്പിയും കിട്ടും. വേറെ വല്ലതും കൂടി പൊതിഞ്ഞു കൊണ്ടു പോരേണ്ടിവരും. തോമാച്ചൻെറ ശബ്ദം.

സുഹൃത്തുക്കളെ നമ്മുടെ അജ്ഞതയാണ് കുഴപ്പമുണ്ടാക്കുന്നത് ഏതൊരു സംഭവമായാലും F.I.R. ൻെറ കോപ്പി ലഭിക്കും അപ്പോൾ നമ്മൾ പറയാത്ത കാര്യങ്ങളൊന്നും F.I.R.ൽ ഉണ്ടാകില്ല. പലപ്പോഴും F.I.R. തിരുത്തിയാണ് പല കുററവാളികളും രക്ഷപ്പെടുന്നത്. ആയതിനാൽ ഇനി ഇങ്ങനെ ഒരു സംഭവം ഉണ്ടാകരുത്. അതിനാണ് നിയമ പഠന ക്ലാസ്സുകൾ നടത്തുന്നത്.

പ്രധാനമായി സൂക്ഷിക്കേണ്ടത് തെളിവുകൾ നശിപ്പിക്കാതിരിക്കുകയാണ്. കള്ളനോ കൊലപാതകിയോ കടന്നമുറികളിൽ കയറരുത്. കള്ളൻ തൊട്ടതെന്ന് സംശയിക്കുന്ന സാധനങ്ങളിൽ തൊടരുത് കള്ളൻേറതായി ഉപേക്ഷിച്ച സാധനങ്ങളിൽ തൊടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യരുത്, പിടിവലിക്കിടയിൽ കള്ളൻെറ തലമുടിയോ മററ് എന്തെങ്കിലും തെളിവുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും തെളിവാണ്.

'തലമുടിതെളിവോ-ക്ലാസ്സിനുപോയി കുട്ടപ്പന് തലക്ക് നല്ല സുഖമില്ലെന്ന് തോന്നുന്നല്ലോ. രവി ചിരിച്ചു കൊണ്ട് പറഞ്ഞു.

കുട്ടപ്പൻ പറഞ്ഞു, ഈ ലോകത്തുള്ള മുഴുവൻ ആൾ

ക്കാരെയും തലമുടി പരിശോധിച്ച് തിരിച്ചറിയാം. എല്ലാ മനുഷ്യരുടെയും തലമുടി വ്യത്യസ്തമാണ് 'അതുപോലെ രക്തവും'

'ഇത്രയൊക്കെ നമ്മൾ ചെയ്താൽ പോലീസിനു പിന്നെന്താ പണി. 'തോമാച്ചന്' സംശയം.

'പോലീസിന്റെ പ്രവർത്തനത്തിൽ നമ്മൾ സഹായിക്കുമ്പോൾ കുററവാളികളെ പെട്ടെന്ന് പിടിക്കുന്നു. പോലീസിന്റെ ജോലി എളുപ്പമാകുന്നു. F.I.R പോലുള്ള റിക്കാർഡുകളുടെ കോപ്പി വാങ്ങുകയും ഒപ്പിടുകയും ചെയ്യുമ്പോൾ കേസ്സുകൾ മാററിമറിക്കാൻ സാധിക്കാതെ വരുന്നു. സർവ്വോപരി നീതി നടപ്പിലാക്കുന്നു.

"കുട്ടപ്പൻ മിടുക്കനാണല്ലോ.-അടുത്ത നിയമപഠന ക്ലാസ്സിൽ ഞങ്ങളും പോകുന്നുണ്ട്. പലരും പറഞ്ഞു ഇതുകൊണ്ടൊന്നും കാര്യമില്ലെന്ന് അതാ ഞങ്ങൾ പോകാതിരുന്നത്. കുട്ടപ്പാ നന്ദി. എല്ലാവരും പിരിഞ്ഞു.

രമണിയും മിനിയും പറഞ്ഞു. എടീമേരി-എത്ര നല്ലകാര്യമാ കുട്ടപ്പൻ ചേട്ടൻ പറഞ്ഞത് നമ്മുടെ വീട്ടിലും സ്കൂളിലും ഇതെല്ലാം പറയണം. കൂട്ടുകാരികൾ വീട്ടിലേക്ക് പോയി.

## ★ കർഫ്യൂ ★

---

പെട്ടെന്നാണ് സ്കൂളിൽ കൂട്ടമണി മുഴങ്ങിയത്. ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികൾ ഓടി ക്ലാസ്സിലെത്തി. മൂന്നാം പിരീയഡ് തീരാറായില്ല. എന്താണ് കാരണം സന്തോഷും,അനിലും പരസ്പരം ചോദിച്ചു.

സ്ക്കൂൾ വിടുകയാണെന്നും, കുട്ടികൾ വേഗം വീട്ടിലെത്തണമെന്നും, ഹെഡ്മാസ്റ്റർ മൈക്കിലൂടെ വിളിച്ചു പറഞ്ഞു.



എന്താണ് സംഭവം എല്ലാവർക്കും അതിശയം! ലീവ് കിട്ടിയതിന്റെ സന്തോഷം. കളിക്കാൻ ആവശ്യം പോലെ സമയം.

വഴിയിലെത്തിയ സന്തോഷും, അനിലും കണ്ടു കടകൾ എല്ലാം അടച്ചിരിക്കുന്നു. വഴിയിലെവിടെയും ആൾക്കാർ ഇല്ല. റോയി പറഞ്ഞു എന്തോ സംഭവിച്ചല്ലോടാ എന്താണ് വിവരം മുഹമ്മദിനും അറിയാൻ ആഗ്രഹം.

കൂട്ടുകാർ പരസ്പരം കുശലം പറഞ്ഞു. നടന്നുവീട്ടിലെത്തിയ അനിൽ അച്ഛനോട് ചോദിച്ചു. എന്താണച്ഛാ- സംഭവം, കടകളെല്ലാം അടച്ചിരിക്കുന്നല്ലോ?

'അത് മോനെ, നമ്മുടെ പട്ടണത്തിൽ വ്യത്യസ്ത മത വിഭാഗങ്ങൾ തമ്മിൽ നടന്ന സംഘട്ടനത്തിൽ ഒരാൾ കൊല്ലപ്പെട്ടു. പലർക്കും പരിക്കുണ്ട്' ലഹളപടരാതിരിക്കുവാൻ സർക്കാർ '144' പ്രഖ്യാപിച്ചിരിക്കുകയാണ്.

എന്തിനാണച്ഛാ പരസ്പരം വെട്ടികൊല്ലുന്നത് നമ്മൾ ഭാരതീയർ എല്ലാവരും ഒരമ്മയുടെ മക്കളല്ലേ? ഏതു ജാതിയിലും മതത്തിലും പെട്ടവർക്ക് ഒന്നിച്ച് ജീവിക്കാനുള്ള ഭരണഘടനയും, നമുക്കുണ്ടല്ലോ? നമ്മുടെ സഹോദരനെ തന്നയല്ലേ അച്ഛാ നമ്മൾ കൊല്ലുന്നത്.

'ശരിയാണ് മോനെ' പക്ഷെ എല്ലാവർക്കും സ്വാർത്ഥ മോഹം മാത്രം. മതത്തിന്റെയും, ജാതിയുടെയും പേരിൽ അധികാരക്കസേരയിൽ എത്താൻ വേണ്ടി, തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി നേതാക്കൾ അണികളെ കരുവാക്കുന്നു. പക്ഷെ ഇത് പെട്ടെന്നൊന്നും അവസാനിക്കില്ല. നമ്മൾ പരസ്പരം മനസ്സിലാക്കാത്തിടത്തോളം കാലം. മോന്റെ പ്രായത്തിലുള്ള കുട്ടികൾ; തങ്ങൾ മുസ്ലീമും, ഹിന്ദുവും, ക്രിസ്ത്യാനിയും ഒന്നാണെന്ന് അറിയണം. ഒരമ്മയുടെ മക്കളാണെന്ന് അറിയണം. 'അതാ ആരൊക്കെയോ വരുന്നുണ്ടല്ലോ? ആരാണെന്ന് നോക്കിയേ മോനെ.'

അല്ല, അബ്ദുൾറഹിമാനും, മജീദുമൊക്കെയുണ്ടല്ലോ–വാ വരൂ ഇരിക്കൂ-ജോർജ്ജ് കുട്ടീ ഇരുന്നാട്ടെ-എന്താ പൗലോസ്മാപ്പിളക്കൊരു വിഷമം. തങ്കപ്പാ ഇരിക്ക് അനിലിൻറച്ഛൻ പറഞ്ഞു.

'എല്ലാവരുടെയും മുഖമെന്താ വിഷമിച്ചിരിക്കുന്നത് എന്താകാര്യം.

ജോർജ്ജ് കുട്ടി പറഞ്ഞു, അടുത്ത ഗ്രാമത്തിലെല്ലാം പ്രശ്നമാണ്. പരസ്പരം കൊല്ലുന്നു. നമ്മുടെ ഗ്രാമത്തിൽ അങ്ങനെയൊരു സംഭവം ഉണ്ടാകുവാൻ പാടില്ല. അതിനാണ് ഞങ്ങളിങ്ങുവന്നത്. മജീദും, റഹ്മാനും നമ്മളോടൊത്തുണ്ട്. നമ്മുടെ സഹോദരങ്ങളുടെ ഒരുതുള്ളി രക്തമോ, ഒരു വസ്തുവോ നഷ്ടപ്പെടരുത്. 'അതിനെന്താ നമുക്ക് ഒന്നായി നില്ക്കാം. '144' പിൻവലിച്ചാൽ നമുക്കൊരു സമാധാന സമ്മേളനം വിളിച്ചുകൂട്ടാം. പട്ടണത്തിൽ 'കർഫ്യൂ' ഏർപ്പെടുത്തുന്നു എന്നു കേട്ടു.

'നമ്മൾ പരസ്പ്പരം വെട്ടിമരിക്കുന്നു. നേതാക്കൾ ഒരു മേശക്ക് ചുററുമിരുന്ന് സംസാരിക്കുന്നു. ഈ അവസ്ഥയിൽ നിന്നൊരു മോചനം വേണം. ഭാരതാംബികയുടെ മക്കൾക്കും, ജാതിക്കും, രാഷ്ട്രീയത്തിനും അതീതരായി ഒന്നാകണം 'നമ്മുടെ ഗ്രാമത്തിലെങ്കിലും നമുക്ക് ശ്രമിക്കാം'.

എല്ലാവരും ജാതിക്കും, മതത്തിനും, രാഷ്ട്രീയത്തിനും അതീതരായി പ്രവർത്തിക്കുന്ന ഒരവസ്ഥ ഉണ്ടാകണം. നമുക്കൊന്നാലോചിക്കണം. അനിലിൻറച്ഛൻ പറഞ്ഞു എന്നാൽ അടുത്ത ദിവസം കാണാം. എല്ലാവരും പിരിഞ്ഞു.

അച്ഛാ എന്താണ് 144–എന്താണച്ഛാ 'കർഫ്യൂ' അനിൽ ചോദിച്ചു.

നാട്ടിൽ അക്രമങ്ങൾ ഉണ്ടാകുമ്പോൾ ക്രമസമാധാന



നില തകരുമ്പോൾ നമ്മുടെ മൗലീക അവകാശങ്ങൾ തല്ക്കാലം മാററിവെയ്ക്കാറുണ്ട് നമ്മുടെ രാജ്യത്ത് നമുക്ക് പ്രസംഗിക്കാനും, അഭിപ്രായം പറയാനും ഉള്ള മൗലീക അവകാശം 19-ാം വകുപ്പായി നല്കിയിരിക്കുന്നു. ഇത് സമുദായികരാഷ്ട്രീയ സംഘർഷങ്ങളുണ്ടാകുമ്പോൾ നിർത്തലാക്കും. അപ്പോൾ പ്രഖ്യാപിക്കുന്ന പോലീസ് ആക്ററ് ആണ് 144 . 144 പ്രഖ്യാപിച്ചാൽ അഞ്ചു പേർക്ക് ഒരുമിച്ചുകൂടാൻ പാടില്ല. അത് നിയമപ്രകാരം തെററാണ്. അറസ്റ്റ് ചെയ്യും ശിക്ഷയും കിട്ടും.

'ഇത് എത്ര കാലം തുടരാം അച്ഛാ' അനിലിന് സംശയം.

ജില്ലാ കലക്ടറാണ് ക്രമസമാധാന നില സംരക്ഷിക്കുവാൻ 144 പ്രഖ്യാപിക്കുന്നത് 144 പ്രഖ്യാപിക്കുമ്പോൾ അത് എത്ര ദിവസത്തേക്കെന്നും ഏതെല്ലാം പോലീസ്സ്റ്റേഷനതിർത്തിയിലാണെന്നും പ്രത്യേകംപറയും' മരണം' മററ് അടിയന്തര ആവശ്യങ്ങൾ ഉണ്ടെങ്കിൽ ജില്ലാകലക്ടറുടെ അനുവാദത്തോടു കൂടി ആ കർമ്മങ്ങൾ നടത്തുവാൻ അനുവാദം ലഭിക്കും. അനിശ്ചിതമായി 144 നീട്ടിക്കൊണ്ടുപോകുവാൻ പററില്ല.

അതാ അച്ഛാ രാജേട്ടൻ വരുന്നു.

'രാജേട്ടാ എന്താ ജോലിക്കു പോകുന്നില്ലേ'.

'എന്താടാ മോനെ നീ ഇങ്ങുപോന്നെ, വാഹനം ഓടുന്നില്ലേ' അനിലിന്റെ അച്ഛൻ രാജനോട് ചോദിച്ചു.

രാജൻ അനിലിന്റെ ഇളയച്ഛന്റെ മകനാണ്. പട്ടണത്തിലാണ് ജോലി.

'വല്യച്ഛാ പട്ടണത്തിൽ 'കർഫ്യൂ' ഏർപ്പെടുത്താൻ പോണെന്നും ആർക്കും പുറത്തിറങ്ങിനടക്കാൻപററില്ലെ

ന്നും പറഞ്ഞു. ആയതിനാൽ ഞാൻ തിരിച്ചു പോന്നു. എന്താണ് വല്യച്ഛാ ''കർഫ്യൂ''

ക്രമസമാധാനനില തകരുമ്പോൾ 144 പ്രഖ്യാപിക്കും 144 പ്രഖ്യാപിച്ചിട്ടും ലഹളയും കൊള്ളിവെപ്പും തടയുവാൻ സാധിക്കുന്നില്ലെങ്കിൽ ജില്ലാമജിസ്ട്രേററായ കലക്ടർ പ്രഖ്യാപിക്കുന്ന പോലീസ് ആക്ടാണ് 'കർഫ്യൂ'. കർഫ്യൂ പ്രഖ്യാപിച്ചാൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കും ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനോ മരുന്നു വാങ്ങുന്നതിനോ കർഫ്യൂവിൽ അയവുവരുത്തുന്ന സമയത്ത് മാത്രമേ പുറത്തിറങ്ങുവാൻ സാധിക്കൂ.

അത്യാവശ്യമായി യാത്ര ചെയ്യേണ്ടവർക്ക് ജില്ലാമജിസ്ട്രേററ് പാസ്സുനല്കും ആയത് നേടാതെ പുറത്തിറങ്ങുവാൻ പാടില്ല.

നിയമങ്ങൾ നമുക്ക് വേണ്ടിയാണ്. പക്ഷെ നിയമത്തെ കുറിച്ച് നമുക്ക് അറിയില്ല. നിയമത്തെ കുറിച്ച് അറിയുകയാണ് മക്കളെ നിങ്ങളൊക്കെ അടിയന്തരമായി ചെയ്യേണ്ടത്.

---

## കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെനിയമം വില2രൂപ
2 വനിതകളും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 2 രൂപ
3 ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? — വില 5 രൂപ
4 പോലീസും ജനങ്ങളും — വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം — വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? — വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ — വില 5 രൂപ
8. ബിസ്സും ഉപഭോക്താവും — വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ — വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? — വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ — വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും — വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) — വില 3 രൂപ
15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? — വില 5 രൂപ
16. ലഹരിയും ഉപഭോക്താവും — വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 3രൂപ
18. വൈദ്യുതിയും ഉപഭോക്താവും — വില 5 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും — വില 5 രൂപ
20. ഉണരൂ! സമയമായി! — വില 1 രൂപ
21. ഇതാ നമ്മൾ രാജാക്കൻമാർ — വില 1 രൂപ
22. കർഫ്യൂ (നിയമം കുട്ടികൾക്ക്) — വില 3 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ — വില 5 രൂപ
24. എയ്ഡ്സ് — വില 5 രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും — വില 5 രൂപ
26. ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) — വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും — 10 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും — വില 5 രൂപ
29. പൊതു താല്പര്യ പരാതികൾ — വില 15 രൂപ
30. സമ്മാനം [ഉപഭോക്തൃസംരക്ഷണ പ്രവർത്തകർക്കുള്ളഗൈഡ്] 60 രൂപ
31. മാർച്ച് 15 — വില 5 രൂപ
32. റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം? — വില 2 രൂപ
33. ഡിസംബർ 26 — വില 5 രൂപ
34. മനുഷ്യാവകാശം — വില 5 രൂപ
35 തയ്യൽ തൊഴിലാളികളും ഉപഭോക്തൃ സംരക്ഷണനിയമവും വില5രൂപ

എല്ലാ പുസ്തകവും ഒരുമിച്ചു വാങ്ങുന്നവർക്ക് പോസ്റ്റേജ് സൗജന്യം പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്:

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് എടൂർ പായം 670704